I. ഇ.ബി. XV-കേരള നിയമസഭ/XVI-9

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാനടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഫെബ്രുവരി 04, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I **ശ്രദ്ധക്ഷണിക്കൽ**

വിമാന സർവീസുകൾ നിർത്തലാക്കലും ടിക്കറ്റ് ചാർജ് വർധനയും

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: രാജ്യത്ത് വിമാന സർവീസുകൾ നിരന്തരം നിർത്തലാക്കുന്നതും വിമാന ടിക്കറ്റ് ചാർജ് അനിയന്ത്രിതമായി വർധിപ്പിക്കുന്നതുംമൂലം പ്രവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും കരിപ്പൂർ, കണ്ണൂർ വിമാനത്താവളങ്ങളിൽനിന്നും കൂടുതൽ ആഭ്യന്തര/അന്താരാഷ്ട്ര/കാർഗോ സർവീസുകൾ ആരംഭിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണം. നോർക്ക റൂട്ട്സിൽ ഓൺലൈൻ വിമാന ടിക്കറ്റ് ബുക്കിങ് സംവിധാനം നടപ്പാക്കാനും വിമാനയാത്രക്കാർക്ക് ബദൽ യാത്രാ സംവിധാനം ഏർപ്പെടുത്താനും നിർത്തലാക്കിയ ഇൻഡിഗോ വിമാന സർവീസുകൾ പുനഃസ്ഥാപിക്കാനും ട്രാവൽ ഏജൻസികളുടെ ബൾക്ക് ടിക്കറ്റ് പർച്ചേസ് തടയാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിമാന യാത്രക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പല ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഫലമുണ്ടായിട്ടില്ല. യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് തുടർന്നും കേന്ദ്ര ഗവൺമെന്റിൽ സമ്മർദം ചെലുത്തുന്നതാണ്. വിമാന യാത്രക്കാർക്ക് ബദൽ യാത്രാ സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. കണ്ണൂർ വിമാനത്താവളത്തിന് 'point of

call' പദവി ലഭ്യമാകാത്തതിനാലാണ് മറ്റ് സർവീസുകൾ ആരംഭിക്കാൻ സാധിക്കാത്തത്. കോഴിക്കോട് വിമാനത്താവളത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. സണ്ണി ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

II **സബ്മിഷൻ**

(1) കയ്പമംഗലത്തെ കുടിവെള്ള പദ്ധതികൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: കയ്പമംഗലം നിയോജകമണ്ഡലത്തിലെ നാട്ടിക-ഫർക്ക, രാമൻകുളം കുടിവെള്ള പദ്ധതികളും പ്രാദേശിക കുടിവെള്ള പദ്ധതിയും നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കയ്പമംഗലം നിയോജകമണ്ഡലത്തിലെ നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്നതും ആവശ്യമെങ്കിൽ എം.എൽ.എ.-യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

(2) പൊഴിയൂർ -കൊല്ലംകോട് ഭാഗത്തെ കടലാക്രമണം

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ-കൊല്ലംകോട് ഭാഗത്തെ കടലാക്രമണം തടയുന്നതിനായുള്ള സംരക്ഷണഭിത്തിയുടെയും പുലിമുട്ടിന്റെയും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പൊഴിയൂർ-കൊല്ലംകോട് ഭാഗത്തെ കടൽഭിത്തി നിർമ്മാണത്തിന്റെ ആദ്യഘട്ട പ്രവർത്തനം നടന്നുവരുന്നു. പുലിമുട്ട് നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പരിഷ്കരിച്ച എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

(3) തുറവൂരിലെ കുടിവെള്ള പ്രശ്നം

ശ്രീമതി ദെലീമ: അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ മുതൽ അരൂർ വരെയുള്ള പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജിക്ക ചേർത്തല ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പ് ലൈനിലൂടെയാണ് അരൂർ നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നത്. ദേശീയപാത നിർമ്മാണ വേളയിൽ പൈപ്പ് ലൈനുകളിലുണ്ടാകുന്ന ലീക്കുകൾ പരിഹരിച്ച് ജലവിതരണം പുനഃസ്ഥാപിക്കുന്നതിന് ജല അതോറിറ്റി നടപടി സ്വീകരിക്കുന്നുണ്ട്. തുറവൂർ പഞ്ചായത്തിലെ വളമംഗലത്ത് 18 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയും അനുബന്ധ പമ്പിങ്, വിതരണ പൈപ്പുകളും സ്ഥാപിക്കുന്നതിന് 21 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

4) മരണപ്പെട്ട ഹർഷകുമാറിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. ഡി. കെ. മുരളി: മരം ഒടിഞ്ഞുവീണ് മരണമടഞ്ഞ ഹർഷകുമാറിന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഹർഷകുമാറിന്റെ കുടുംബത്തിന് വനസംരക്ഷണ സമിതി ധനസഹായമായി 25,000 രൂപ നൽകുകയും സംസ്ഥാന ദുരന്ത നിവാരണ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കണമെന്ന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

(5) അരുവിക്കരയിലെ പാലങ്ങളുടെ നിർമ്മാണം

ശ്രീ. ജി. സ്റ്റീഫൻ: അരുവിക്കര ഡാമിന്റെ ഡൗൺസ്ട്രീമിന് കുറുകെയുള്ള പാലം നവീകരിക്കുന്നതിനും ആര്യനാട് പഞ്ചായത്തിൽ ചൊക്കൻതീനിക്കടവ് പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): അരുവിക്കര നിയോജകമണ്ഡലത്തിലെ ചൊക്കൻതീനിക്കടവ് പാലം നിർമ്മിക്കുന്നതിന് 10 കോടി രൂപയുടെ എസ്റ്റിമേറ്റും അരുവിക്കര ഡാമിന്റെ ഡൗൺസ്ട്രീമിന് കുറുകെയുള്ള പാലത്തിന്റെ പ്രൊപ്പോസലും തയ്യാറാക്കിയിരുന്നെങ്കിലും ബജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേയുള്ളൂവെന്നതിനാൽ തൽക്കാലത്തേക്ക് മാറ്റിവയ്ക്കുകയാണുണ്ടായത്. പ്രസ്തുത പദ്ധതി നിർദേശങ്ങൾ ഒരിക്കൽക്കൂടി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

(6) ദേശീയപാത വികസനം

ശ്രീ. എം. നൗഷാദ്: ദേശീയപാത വികസനത്തിന്റെ ഭാഗമായി മൈലക്കാട്, കൊട്ടിയം, പറക്കുളം, ഉമയനല്ലൂർ, മേവറം, കല്ലുംതാഴം, അയത്തിൽ എന്നീ ഭാഗങ്ങളിലുണ്ടായ തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ദേശീയപാത 66-ന്റെ നിർമ്മാണ പ്രവൃത്തിക്കിടെ കൊല്ലം ജില്ലയിലെ മൈലക്കാട് റീഇൻഫോഴ്സ്ഡ് സോയിൽ വാൾ തകർന്നതിനെത്തുടർന്ന് രൂപീകരിച്ച ഉന്നതതല സമിതി സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഹാര നടപടികളും സ്ഥിരത ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും കൺസഷണറുടെ റിസ്ക് ആൻഡ് കോസ്റ്റിൽ നടത്തി വരുന്നതായും ഇതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ദേശീയപാത 66-ന്റെ എല്ലാ സ്ട്രക്ചറുകളുടെയും ലാബ് പരിശോധന നടത്തുന്നതിനായി കോംപ്രിഹെൻസീവ് ജിയോ ടെക്നിക്കൽ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. സുരക്ഷയും സ്ഥിരതാ മാനദണ്ഡങ്ങളും പാലിച്ചശേഷം മാത്രമേ റോഡുകൾ ഗതാഗതത്തിനായി തുറന്നുകൊടുക്കുന്നുള്ളൂ എന്നത് ഉറപ്പുവരുത്താൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7) ശബരി റെയിൽ പദ്ധതി വിഴിഞ്ഞം തുറമുഖം വരെ
നീട്ടുന്നത് സംബന്ധിച്ച്

ശ്രീ. പി. എസ്. സുപാൽ: അങ്കമാലി-ശബരി റെയിൽപാത പുനലൂർവഴി വിഴിഞ്ഞം തുറമുഖം വരെ ദീർഘിപ്പിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): അങ്കമാലി-ശബരി റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട അലൈൻമെന്റും മാപ്പുകളും റെയിൽവേ മന്ത്രാലയം സംസ്ഥാനത്തിന് കൈമാറി പദ്ധതി നടപ്പാക്കുന്നതിനനുസരിച്ച് പുനലൂർ-തിരുവനന്തപുരം റൂട്ടിലേക്ക് റെയിൽപാത ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

(8) ഗുരുവായൂർ-തിരുനാവായ റെയിൽപാത

ശ്രീ. എൻ. കെ. അക്ബർ: ഗുരുവായൂർ-തിരുനാവായ റെയിൽപ്പാതയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കണം. ഡീഫ്രീസിങ് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ഗുരുവായൂർ-തിരുനാവായ റെയിൽപ്പാതയുടെ ഡീഫ്രീസിങ് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ല. അലൈൻമെന്റ് സംബന്ധമായ കാര്യങ്ങളിൽ റെയിൽവേ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

## III റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ നാൽപ്പത്തിയഞ്ചും നാൽപ്പത്തിയാറും റിപ്പോർട്ടുകൾ

(3) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ എഴുപത്തിയൊൻപത് മുതൽ എൺപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

## IV ഗവൺമെന്റ് പ്രമേയം (ചട്ടം 118)

കേരളത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കണമെന്ന ആവശ്യം

വിവിധ വിഷയങ്ങളിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തോട് സ്വീകരിച്ചുവരുന്ന കടുത്ത അവഗണന അവസാനിപ്പിച്ച് അർഹതപ്പെട്ടതും അവകാശപ്പെട്ടതുമായ നീതി ഉറപ്പാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## V പ്രമേയം

### പ്രതിപക്ഷാംഗങ്ങളുടെ ചട്ടവിരുദ്ധ നടപടികൾ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): "ശബരിമല സ്വർണ്ണത്തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ചോദ്യോത്തരവേള ഉൾപ്പെടെയുള്ള സഭാ നടപടികൾ നിരന്തരം തടസ്സപ്പെടുത്തുകയും നിയമസഭയ്ക്കാകെ അധിക്ഷേപകരമായ മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്യുകയുണ്ടായി. ചെയറിന്റെ നിർദേശങ്ങൾ നിരന്തരം അവഗണിച്ചുകൊണ്ട് ജനാധിപത്യ മര്യാദകളും സഭയുടെ ഡെക്കോറവും പാലിക്കാതെ ചട്ടവിരുദ്ധ നടപടികൾ സ്വീകരിക്കുകയും ചെയറിന്റെ മുഖം മറച്ച് ബാനർ പ്രദർശിപ്പിക്കുകയും ചെയറിനെ അധിക്ഷേപിക്കുകയും തുടർന്ന് അക്രമാസക്തരായി വാച്ച് ആൻഡ് വാർഡിനെ ഉപദ്രവിക്കുകയും ഡയസ്സിലേക്ക് തള്ളിക്കയറുകയും സഭാനടപടികൾ അലങ്കോലപ്പെടുത്തുകയും ചെയ്തുവഴി സഭയുടെ അന്തസ്സിന് കളങ്കം വരുത്തിയിരിക്കുകയാണ്. പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുള്ള അക്രമപ്രവർത്തനങ്ങളെയും ചട്ടവിരുദ്ധ നടപടികളെയും ഈ സഭ ശക്തമായി അപലപിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## VI ധനകാര്യം

### 2026-2027 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. ഡി. കെ. മുരളി: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാന സർക്കാർ നടത്തിവരുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി തുക നീക്കിവച്ചതും ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രി തലംവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. വാമനപുരം നിയോജകമണ്ഡലത്തിൽ സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. സ്ത്രീകൾക്ക് തൊഴിലും സുരക്ഷയും ഉറപ്പാക്കുന്ന നിർദേശങ്ങളാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ക്ഷേമ പെൻഷനുകൾ നൽകുന്നതിനായി 14,500 കോടി രൂപ നീക്കിവച്ചതും കുടുംബശ്രീ എ.ഡി.എസ്.-കൾക്ക് പ്രവർത്തന ഗ്രാന്റ് അനുവദിച്ചതും മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയും അങ്കണവാടി ജീവനക്കാർ, സാക്ഷരതാ പ്രേരക്മാർ, ആശാ വർക്കർമാർ, സ്കൂൾ പാചകത്തൊഴിലാളികൾ, പ്രീ-പ്രൈമറി അധ്യാപകർ എന്നിവരുടെ ഓണറേറിയം വർധിപ്പിച്ചതും സർക്കാർ ജീവനക്കാരുടെ കുടിശ്ശിക ഡി.എ. അനുവദിക്കുമെന്ന പ്രഖ്യാപനവും അഭിനന്ദനാർഹമാണ്. നികുതിയേതര വരുമാന വർധനവ്, ഊർജ-ആരോഗ്യ മേഖലകളിലെ നേട്ടങ്ങൾ എന്നിവ ശ്രദ്ധേയമാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: ബജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമ പ്രവർത്തനങ്ങൾക്കും വികസനത്തിനും ഊന്നൽ നൽകുന്ന ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിച്ചതും 50 വയസ്സ് കഴിഞ്ഞ കന്യാസ്ത്രീകൾക്ക് പെൻഷൻ നൽകുന്നതിനുള്ള തീരുമാനവും മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയും കണക്ട് ടു വർക്ക് സ്കോളർഷിപ് പദ്ധതിയും ശ്രദ്ധേയമാണ്. അങ്കണവാടി ജീവനക്കാർ, സാക്ഷരതാ പ്രേരക്മാർ, പ്രീ-പ്രൈമറി അധ്യാപകർ, സ്കൂൾ പാചകത്തൊഴിലാളികൾ, എന്നിവരുടെ പ്രതിമാസ വേതനം വർധിപ്പിച്ചത് ശ്ലാഘനീയമാണ്. റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കി ഉയർത്തണം.

<u>ശ്രീ. മുരളി പെരുനെല്ലി</u>: ബജറ്റിനെ അനുകൂലിക്കുന്നു. മതനിരപേക്ഷ ബോധമുള്ളതും സർവതല സ്പർശിയുമായ ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. ആശാ പ്രവർത്തകരുടെയും അങ്കണവാടി ജീവനക്കാരുടെയും സാക്ഷരതാ പ്രേരക്മാരുടെയും ഓണറേറിയം, പ്രീപ്രൈമറി അധ്യാപകരുടെയും പാചകത്തൊഴിലാളികളുകളുടെയും വേതനം, കാൻസർ-ലെപ്രസി രോഗികളുടെയും പത്രപ്രവർത്തകരുടെയും പെൻഷൻ തുടങ്ങിയവ വർധിപ്പിച്ചതും ഓട്ടോ-ടാക്സി തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്.

<u>ശ്രീ. ആന്റണി ജോൺ</u>: ബജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലയെയും ചേർത്തുപിടിക്കുന്ന ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ഏകകിടപ്പാട സംരക്ഷണ ബിൽ, വന്യജീവി സംരക്ഷണ (ഭേദഗതി) ബിൽ തുടങ്ങി ചരിത്ര പ്രാധാന്യമുള്ള നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയ സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തികമേഖലയെ ഉത്തേജിപ്പിച്ച് നവകേരള സൃഷ്ടിക്കുതകുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന് 50 കോടി രൂപയും ചാമ്പ്യൻസ് ബോട്ട് ലീഗിന് 10 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 100 കോടി രൂപയും വകയിരുത്തിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ചെറിയ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം ത്വരിതഗതിയിലാക്കാനും നെല്ലിന്റെ സംഭരണവില 33 രൂപ 50 പൈസയായി വർധിപ്പിക്കാനും നടപടി സ്വീകരിക്കണം. നെല്ല് സംഭരിക്കുന്ന സമയത്തുതന്നെ കർഷകർക്ക് പണം ലഭ്യമാക്കുന്ന പുതിയരീതി ആശ്വാസകരമാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ ജോലി സമയം കുറയ്ക്കുന്നതിനും വേതന വർധനവിനും നടപടി സ്വീകരിക്കണം. കാവാലം ഗ്രാമപഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിന് അടിയന്തരമായി ഫണ്ട് അനുവദിക്കണം.

<u>ഡോ. സുജിത് വിജയൻപിള്ള</u>: ബജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമ പ്രവർത്തനങ്ങളും വികസനവും സമന്വയിപ്പിച്ചാണ് ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കാൻസർ രോഗികളുടെ പെൻഷൻ വർധിപ്പിക്കുമെന്നും ഗിഗ് തൊഴിലാളികൾക്ക് ക്ഷേമനിധിയും ഹബ്ബും ഏർപ്പെടുത്തുമെന്നും സ്കൂൾ പാചകത്തൊഴിലാളികൾ, പ്രീ-പ്രൈമറി അധ്യാപകർ, ആശാ വർക്കേഴ്സ്, അങ്കണവാടി ജീവനക്കാർ എന്നിവരുടെ ഓണറേറിയം വർധിപ്പിക്കുമെന്നും സ്കൂൾ വിദ്യാർഥികൾ, ഓട്ടോ ഡ്രൈവർമാർ, കുടുംബശ്രീ അംഗങ്ങൾ എന്നിവർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുമെന്നുള്ള പ്രഖ്യാപനങ്ങൾ പ്രശംസനീയമാണ്. കെ.എം.എം.എൽ.-ന് ചുറ്റുമുള്ള മലിനീകരിക്കപ്പെട്ട പ്രദേശങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കന്നിമേൽ ഓഷനേറിയത്തിന് സ്ഥലം ഏറ്റെടുക്കൽ, നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി ബജറ്റിൽ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഹൃദയസ്പർശിയായ ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. നോൺ ജേർണലിസ്റ്റുകളുടെ പെൻഷൻ വർധിപ്പിക്കുന്നതിനും ചന്ദേര റെയിൽവേ മേൽപ്പാലത്തിനായി ടോക്കൺ പ്രൊവിഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. എസ്.സി./എസ്.റ്റി., പിന്നാക്ക വിഭാഗങ്ങൾ, സ്ത്രീകൾ, വയോജനങ്ങൾ തുടങ്ങിയവർക്ക് ഉപകാരപ്രദമാകുന്ന നിരവധി ക്ഷേമ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേരളത്തിന്റെ ഭാവി വികസനം ലക്ഷ്യം വയ്ക്കുന്ന ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. സമസ്ത മേഖലകളുടെയും വികസനം ഉറപ്പാക്കുന്ന ബജറ്റാണിത്. തൊഴിലുറപ്പ് പദ്ധതിക്കായി 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്കും ഓട്ടോറിക്ഷാ/ടാക്സി തൊഴിലാളികൾക്കും അസംഘടിത മേഖലകളിലെ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും. പഴയ ഓട്ടോറിക്ഷകൾ മാറ്റി പുതിയ ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നവർക്ക് 40000 രൂപ സ്ക്രാപ്പേജ് ബോണസ് നൽകുന്നതും ചാർജിങ് സൗകര്യങ്ങളോടുകൂടിയ തൊഴിലാളി സൗഹൃദ സ്മാർട്ട് ഓട്ടോ സ്റ്റാൻഡുകൾ നിർമ്മിക്കുന്നതുമാണ്. ഗിഗ് തൊഴിലാളികൾക്ക് വിശ്രമസൗകര്യമൊരുക്കുകയും ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും. സാമ്പത്തിക രംഗത്ത് വളർച്ച കൈവരിക്കാനും ജി.എസ്.ഡി.പി.-ആളോഹരി വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ/ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി നടന്നുവരുന്നതോടൊപ്പം കാരുണ്യ പദ്ധതിയിലൂടെ ഒരു മാസം 17000-ത്തിലധികം ശസ്ത്രക്രിയകൾ സൗജന്യമായി ചെയ്തുവരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ റോബോട്ടിക്സ് സർജറിക്കാവശ്യമായ തുക നീക്കിവച്ചിട്ടുണ്ട്. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ ഡിഗ്രിതലംവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണവും തടസ്സരഹിത വൈദ്യുതി വിതരണവും നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പും ലംപ്സം ഗ്രാന്റും കുടിശ്ശികയില്ലാതെ വിതരണം ചെയ്യാനും അവർക്ക് വിദേശപഠനം സാധ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്കും ലോട്ടറി/ഓട്ടോറിക്ഷാ/ടാക്സി തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതാണ്. ആശാപ്രവർത്തകർ, അങ്കണവാടി വർക്കർമാർ, സാക്ഷരതാ പ്രേരക്മാർ, പ്രീ-പ്രൈമറി അധ്യാപകർ, സ്കൂൾ പാചകത്തൊഴിലാളികൾ എന്നിവരുടെ വേതനവും കാൻസർ, ലെപ്രസി, ക്ഷയം, എയ്ഡ്സ് രോഗബാധിതരുടെ പ്രതിമാസ പെൻഷനും വർധിപ്പിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർഥികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി ഈ വർഷംമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സർക്കാർ ജീവനക്കാരുടെ ഡി.എ/ഡി.ആർ. കുടശ്ശിക അനുവദിക്കുന്നതൊടൊപ്പം ശമ്പള പരിഷ്കരണ നടപടികളും ആരംഭിക്കുന്നതാണ്. കിഴക്കൻ മേഖലകളെ ബന്ധിപ്പിക്കുന്ന തരത്തിൽ ശബരി റെയിൽപാത നിർമ്മിക്കുന്നതിനുള്ള

സാധ്യതാ പഠനം നടത്തുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. നെല്ലിന്റെ സംഭരണ വില 30 രൂപയായും റബ്ബറിന്റെ താങ്ങുവില 200 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. തനത് നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാനും സാമ്പത്തിക പരിമിതികൾക്കിടയിലും വിഴിഞ്ഞം പദ്ധതി യാഥാർഥ്യമാക്കാനും സാധിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം വിളനാശം നേരിടുന്ന കർഷകർക്കും പരിക്കുപറ്റി ദീർഘകാലം ചികിത്സയിൽ കഴിയുന്നവർക്കുമുള്ള ധനസഹായം വർധിപ്പിക്കും. കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയും കയർ മേഖലയിലെ റിട്ടയർമെന്റ് ബെനിഫിറ്റ് കുടിശ്ശികയും നൽകുന്നതിനും ഖാദി, കൈത്തറി മേഖലകൾക്കും അധിക തുക അനുവദിക്കും. കരാർ, ദിവസവേതന തൊഴിലാളികളുടെ വേതനം 5 ശതമാനവും എസ്.സി./എസ്.ടി. പ്രൊമോട്ടർമാരുടെ വേതനം 1000 രൂപയും എസ്.സി./എസ്.ടി. വിദ്യാർഥികളുടെ ലംപ്സം ഗ്രാന്റ് 10 ശതമാനവും വർധിപ്പിക്കും. കണ്ണൂർ ഹജ്ജ് ഹൗസ് നിർമ്മാണത്തിന് 5 കോടി രൂപ അധികമായി അനുവദിക്കുന്നതോടൊപ്പം ഹജ്ജ് ക്യാമ്പിന് ഒരു കോടി രൂപയും നൽകും. കരകൗശല വികസന കോർപ്പറേഷന്റെ ഓഫീസ് നവീകരണത്തിന് 50 ലക്ഷം രൂപയും ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തന ഗ്രാന്റായി ഒരു കോടി രൂപയും വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനത്തിന് 5 കോടി രൂപയും ലൈബ്രറി കൗൺസിലിന് പ്രത്യേക ഗ്രാന്റായി 5 കോടി രൂപയും തീർഥാടന ടൂറിസവുമായി ബന്ധപ്പെട്ട് കോട്ടയം നാഗമ്പടം മഹാദേവ ക്ഷേത്രത്തിന് 2 കോടി രൂപയും അനുവദിക്കും. തുറവൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ 5 കോടി രൂപ നൽകും. കൈത്തറി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് 5 കോടി രൂപയും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അതിവർഷാനുകൂല്യത്തിന് 50 കോടി രൂപയും റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിന് ഒരു കോടി രൂപയും കൊല്ലം നഗരത്തിലെ അയ്യങ്കാളി പ്രതിമ പുതുക്കിപ്പണിയാൻ 20 ലക്ഷം രൂപയും ഡോ. സുകുമാർ അഴീക്കോട് പഠനകേന്ദ്രത്തിന് 2 കോടി രൂപയും നൽകുന്നതിന് നടപടി സ്വീകരിക്കും. നോൺ-ജേർണലിസ്റ്റ് പെൻഷൻ വർധിപ്പിക്കും. ജോലിക്കിടെ മരണപ്പെടുന്ന തെങ്ങുകയറ്റ-മരംകയറ്റ തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം കാലോചിതമായി പരിഷ്കരിക്കും. കെ. എം. മാണി ഫൗണ്ടേഷന് രണ്ട് കോടി രൂപയും പാലാ ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 6 കോടി രൂപയും പാലാ ഇൻഫോസിറ്റിക്ക് 7.5 കോടി രൂപയും അനുവദിക്കും. കശുവണ്ടി മേഖലയിൽ പുതിയ തൊഴിൽ ഫെസിലിറ്റേഷന് 10 കോടി രൂപയും എസ്.സി./എസ്.ടി. മേഖലയിലെ പുതിയ

സംരംഭകർക്ക് 5 ശതമാനം പലിശ സബ്സിഡിയും ഹീമോഫീലിയ രോഗികൾക്കുള്ള കെയർ പദ്ധതിക്ക് 30 കോടി രൂപയും അനുവദിക്കും.

സഭ ഉച്ചയ്ക്കുശേഷം 1.22-ന് പിരിഞ്ഞു.

*******